**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 353** **29-01-2024 - ൽ മറുപടിയ്ക്ക്**

**ജനകീയ ഹോട്ടലുകളുടെ സബ്സിഡി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി. കെ. ബഷീർ</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് നിലവിൽ എത്ര ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;</td><td>(എ)</td><td>സംസ്ഥാനത്ത് നിലവിൽ 993 ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം</th><th>ജില്ല</th><th>ജനകീയ ഹോട്ടലുകളുടെ എണ്ണം</th></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>73</td></tr>
<tr><td>2</td><td>കൊല്ലം</td><td>54</td></tr>
<tr><td>3</td><td>പത്തനംതിട്ട</td><td>34</td></tr>
<tr><td>4</td><td>ആലപ്പുഴ</td><td>74</td></tr>
<tr><td>5</td><td>കോട്ടയം</td><td>60</td></tr>
<tr><td>6</td><td>ഇടുക്കി</td><td>41</td></tr>
<tr><td>7</td><td>എറണാകുളം</td><td>85</td></tr>
<tr><td>8</td><td>തൃശ്ശൂർ</td><td>84</td></tr>
<tr><td>9</td><td>പാലക്കാട്</td><td>93</td></tr>
<tr><td>10</td><td>മലപ്പുറം</td><td>138</td></tr>
<tr><td>11</td><td>കോഴിക്കോട്</td><td>103</td></tr>
<tr><td>12</td><td>വയനാട്</td><td>24</td></tr>
<tr><td>13</td><td>കണ്ണൂർ</td><td>89</td></tr>
<tr><td>14</td><td>കാസർഗോഡ്</td><td>41</td></tr>
</table></td></tr>
<tr><td>(ബി)</td><td>സർക്കാർ സബ്സിഡി സമയബന്ധിതമായി ലഭിക്കാത്തതു മൂലം എത്ര ജനകീയ ഹോട്ടലുകൾ പൂട്ടിപ്പോയിട്ടുണ്ടെന്ന് അറിയിക്കുമോ;</td><td>(ബി)</td><td>വിവിധ കാരണങ്ങളാൽ പല കാലങ്ങളിലായി 205 ജനകീയ ഹോട്ടലുകൾ അടച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>ഏറനാട് മണ്ഡലത്തിൽ നിലവിൽ എത്ര ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെന്നും പുതുതായി ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിനായി ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത</td><td>(സി)</td><td>ഏറനാട് മണ്ഡലത്തിൽ നിലവിൽ 7 ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>കാവനൂർ സിഡിഎസ്സിൽ നിന്നും പുതുതായി ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിനായി വാർഡ് 16 ലെ വിസ്മയ</td></tr>
</table>

| | | | |
|---|---|---|---|
| | അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്നും അറിയിക്കാമോ; | | അയൽക്കൂട്ട അംഗങ്ങളുടെ അപേക്ഷ പരിശോധിച്ച് ഉത്തരവുകൾക്ക് വിധേയമായി തുടർ നടപടികൾ സ്വീകരിക്കുന്നതിന് 30.01.2023 ന് സിഡിഎസ്സിന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒരു ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നതിനാൽ മറ്റു ഹോട്ടലുകൾക്ക് അനുമതി നൽകേണ്ടതില്ല എന്ന് 28.10.2022 തീയതിയിലെ സാധാരണ യോഗത്തിൽ തീരുമാനം എടുത്തിട്ടുള്ളതാണെന്നും ടി തീരുമാനം നിലനിൽക്കെ മറ്റൊരു ജനകീയ ഹോട്ടലിന് അംഗീകാരം നൽകാൻ കഴിയില്ലെന്ന വിവരം 04.03.2023 ലെ കത്ത് പ്രകാരം മെമ്പർ സെക്രട്ടറി ജില്ലാമിഷനെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | ഏറനാട് മണ്ഡലത്തിൽ കീഴുപറമ്പ് പ്രവർത്തിക്കുന്ന ശിശിരം, അരീക്കോട് പ്രവർത്തിക്കുന്ന ഹരിതശ്രീ എന്നീ ജനകീയ ഹോട്ടലുകൾക്ക് നിലവിൽ എത്ര തുക സബ്സിഡി ഇനത്തിൽ കുടിശിക ഉണ്ടെന്നും ആയത് എപ്പോൾ നല്കുമെന്നും അറിയിക്കുമോ; | (ഡി) | ഏറനാട് മണ്ഡലത്തിൽ കീഴുപറമ്പ് പ്രവർത്തിക്കുന്ന ശിശിരം, അരീക്കോട് പ്രവർത്തിക്കുന്ന ഹരിതശ്രീ എന്നീ ജനകീയ ഹോട്ടലുകൾക്ക് നൽകേണ്ട സബ്സിഡി കുടിശ്ശിക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>കീഴുപറമ്പ് ശിശിരം - 2,74,900/- രൂപ (2023 ജനുവരി മുതൽ ആഗസ്റ്റ് വരെ)<br><br>അരീക്കോട് ഹരിതശ്രീ - 60,000/- രൂപ (2023 ജൂൺ മുതൽ ആഗസ്റ്റ് വരെ)<br><br>ഫണ്ട് ലഭ്യതക്കനുസൃതമായി നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | ജനകീയ ഹോട്ടലുകൾക്ക് സബ്സിഡി ഇനത്തിൽ കുടിശികയുള്ള തുക നൽകുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (ഇ) | കുടിശ്ശിക നല്കുന്നതിലേക്കായി നവംബർ മാസത്തിൽ 33.6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നാളിതുവരെ 164.71 കോടി രൂപ സബ്സിഡി ഇനത്തിൽ നല്കിയിട്ടുണ്ട് . കൂടാതെ കെട്ടിട വാടക, വെള്ളം, വെളിച്ചം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്നുണ്ട്. സപ്ലൈക്കോ സബ്സിഡി നിരക്കിൽ ഭക്ഷ്യ സാധനങ്ങൾ ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ